പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1769. 25-03-2013 -ൽ മറുപടിക്ക്.

**അബ്കാരി കുറ്റവാളികളെ നേരിടുന്നതിനായി ദ്രുതകർമ്മസേന**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>" ഹൈബി ഈഡൻ:<br>" ഷാഫി പറമ്പിൽ:<br>" എം. പി. വിൻസെന്റ്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | അബ്കാരി കുറ്റവാളികളെ നേരിടുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; | (എ) അബ്കാരി കുറ്റവാളികളെ നേരിടുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. സംസ്ഥാന അതിർത്തി വഴിയുള്ള വ്യാജമദ്യത്തിന്റെയും, സ്പിരിറ്റിന്റെയും കള്ളക്കടത്ത് തടയുന്നതിന്, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചു വരുന്നു. പരാതികളിലും, നിർദ്ദേശങ്ങളിലും നടപടി സ്വീകരിക്കുന്നതിന് ജില്ല, നിയമസഭാമണ്ഡലം, താലൂക്ക്, പഞ്ചായത്ത് തല ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. അബ്കാരി കുറ്റവാളികളെ അറസ്റ്റ് ചെയ്ത്, കാര്യക്ഷമമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച്, പരമാവധി ശിക്ഷ ഉറപ്പാക്കുന്നു. |
| (ബി) | ഈ ലക്ഷ്യം നേരിടുന്നതിന് ഒരു ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | <u>(ബി) യും, (സി)യും</u><br>ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത സേനയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ്; | |
| (ഡി) | കുറ്റവാളികളെ നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടു വരുവാനുദ്ദേശിക്കുന്നത്? | (ഡി) ആധുനിക വാഹനങ്ങളും, ആയുധങ്ങളും, വാർത്താ വിനിമയ സംവിധാനങ്ങളും ഏർപ്പെടുത്തുകയും, ചെക്ക് പോസ്റ്റുകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ആഫീസർ